Announcement of the name of a Member to the Standing Finance Committee

Mr. President: I have to announce that for the vacancy on the Standing Finance Committee valid nominations were received on behalf of Messrs. P. Achyutha Menon and Jos K. Verghese. Mr. Jos K. Verghese has since withdrawn his candidature and Mr. P. Achyutha Menon is there- fore declared elected to the Standing Finance Committee.

VOTING OF DEMANDS FOR GRANTS

30. Public Works

The discussion on the demand for Public Works will come to an end at 12-48 p. m. We are discussing the motion moved by Mr. Ipe.

CUT MOTION No. 24

Bus—Stand Kunnamkulam (Cont)

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ട്, സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കുന്നംകുളത്തു യാത്രക്കാക്കു സൌകര്യത്തോടുകൂടി ഇരിക്കുന്നതിനു് ഒരു വിശ്രമസ്ഥലം വേണമെന്നു് ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ആവശ്യപ്പെട്ടിരിക്കുന്നതു അതു് അവിടെ ഏറ്റവും ആവശ്യമായിട്ടുള്ളതുകൊണ്ടാണു്. കുന്നംകുളം വളരെ പ്രധാനമായ ഒരു സ്ഥലമാണു് എന്നുള്ള വിവരം ഗവർമ്മേണ്ടിനു് മനസ്സിലായിട്ടില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇന്നോവരെ അവിടേയുള്ള യാത്രക്കാരുടെ അസൌകര്യത്തെ പരിഹരിക്കുന്നതിനു ഒരു ബസ്സ് സ്റ്റാൻഡും ഒരു വെയിറ്റിംഗ് റൂമും ഒരു ലെറ്റ്റീനും അവിടെ പണിയിക്കാതിരുന്നിട്ടുള്ളതും ഒരിക്കലും ആശാസ്യകരമായ ഒന്നല്ലെന്നുള്ള സംഗതി ഞാൻ ഗവർമ്മേണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. കുന്നംകുളത്തു ബസ് സ്റ്റാൻഡും വെയിറ്റിംഗ റൂമും പണിയുമ്പോൾ അതു് തൃശ്ശിവപേരൂർ ഇപ്പോഴുള്ള വെയിറ്റിംഗ് റൂമുപോലെ ആക്കരുതു്. തൃശ്ശിവപേരൂരുള്ള വെയിറ്റിംഗ് റൂം വളരെ വൃത്തിഹീനമായനിലയിലാണു് ഗവർമ്മേണ്ടു ഇട്ടിരിക്കുന്നതു്. കുന്നംകുളം പോലെ ഈ രാജ്യത്തുള്ള എല്ലാ പ്രാധാന്യമുള്ള സ്ഥലങ്ങളിലും യാത്രക്കാക്കു വേണ്ട സൌകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതു് ഗവർമ്മേണ്ടിന്റെ കഴിച്ചുകൂടാത്ത കടമയാണു്. ഈവക സംഗതികളിൽ ഗവർമ്മേണ്ടിന്റെ ശ്രദ്ധ പതിയുന്നില്ലെന്നും എണ്ണറും അതിൽ കൂടുതലും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാക്കു ശമ്പളം വാങ്ങുവാനുള്ള കഴിവു മാത്രമേയുള്ളുവെന്നും ഈവക കാര്യങ്ങളിൽ അവർ മനസ്സുവെക്കുന്നില്ലെന്നും മറ്റുമുള്ള ചില ആക്ഷേപങ്ങളും ഇവിടെ പറഞ്ഞു കേൾക്കുകയുണ്ടായി. ഈവക സംഗതികളെ സംബന്ധിച്ചു ഡിപ്പാർട്ടു് മേധാവികളെ ആക്ഷേപിച്ചിട്ടു കാര്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. അവർ ഗവർമ്മേണ്ടിലേക്കു എഴുതി അയച്ചിട്ടു ഗവർമ്മേണ്ടു അതിനു പണം അനുവദിച്ചു കൊടുക്കാത്തതു കൊണ്ടണു് ഈവക സംഗതികളും നടത്താതിരിക്കുന്നതു്. അതിനു വാസ്തവത്തിൽ ഗവർമ്മേണ്ടിനെയാണു് ആക്ഷേപിക്കേണ്ടതു്. ഇതിനു മുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഈവക സംഗതികൾക്കു പണം ആവശ്യപ്പെട്ടുകൊണ്ടു ഗവർമ്മേണ്ടിലേക്കു എഴുതിട്ടുണ്ടെന്നാണു് എന്റെ അറിവു്. ഞാൻ ഇതിന്റെ ആവശ്യകതയെപ്പറ്റി ആ വകുപ്പദ്ധ്യക്ഷനോടു് ഒരിക്കൽ സംസാരിച്ചപ്പോൾ ഇതിനു പണം അനുവദിച്ചു കിട്ടുന്നതിനു ഗവർമ്മേണ്ടിലേക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നാണു് എന്നോടു പറഞ്ഞതു്.

Mr. P. Govida Menon *(Ernakulam):* The Chief Engineer does not say so.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു ചീഫ് ഇഞ്ചിനീയർ അവർകളുടെ മുമതലയിൽ പെട്ടതല്ല. ഇതു് പബ്ലിക്കു് ഹെൽത്തു ഡയറക്ടരുടെ കീഴിലുള്ളതാണു്. അദ്ദേഹം ഇതിനെക്കുറിച്ചു റിപ്പോർട്ടു ചെയ്തപ്പോൾ ഗവർമ്മേണ്ടിനു പണമില്ലെന്നുള്ള വാദം പറയുവാൻ അവകാശമില്ലാത്തതായിരുന്നു. നമ്മുടെ ഇന്നത്തെ ബഡ്ജറ്റ് സപ്ലുസായിട്ടാണു് കാണുന്നതു്. അതുകൊണ്ടു അത്യാവശ്യമായിട്ടുള്ള ഈ പണിക്കു ഗവർമ്മേണ്ടു പണം അനുവദിച്ചു കൊടുക്കേണ്ടതാണു്. കുറത്തെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. കുത്തുന്നവനേയാണു് ആക്ഷേപിക്കേണ്ടതു്. പണം കൊടുക്കാത്തതിനു ഗവർമ്മേണ്ടിനെയാണു് ആക്ഷേപിക്കേണ്ടതു്. ഏതു വിധമായാലും കുന്നംകുളത്തു ബസ്സു് കയറുവാൻ വന്നിരിക്കുന്ന ജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടിനു ഒരു പരിഹാരം ഉടനെ ഉണ്ടാക്കികൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly